LIBRARY ARCHIVES Kerala Legislative Assembly

മൂന്നാംകടവ് ജലസേചന പദ്ധതി

165 (4451) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാംകടവ് ജലസേചന പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ നിലവിലെ ജലസേചന പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ കരിച്ചേരി പുഴയിൽ ഇടവിട്ട് തടയണകൾ നിർമ്മിക്കുമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇവിടെ എത്ര ചെക്ക് ഡാമുകൾ ഇതു പ്രകാരം നിർമ്മിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയിൽ പുതിയതായി എത്ര ചെക്ക് ഡാമുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നു വിശദമാക്കുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ ചെക് ഡാം നിർമ്മാണ ഫണ്ട് മുഖേന എത്ര ചെക്ക് ഡാമുകൾക്കാണ് അടിയന്തര പ്രാധാന്യത്തോടെ പരിഗണന ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെക്ക് ഡാമുകളൊന്നും നിർമ്മിച്ചിട്ടില്ല.

(സി) പുതുതായി താഴെ പറയുന്ന ഏഴ് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

1. നെല്ലിമൊട്ട
2. പാറക്കടവ്
3. പിണ്ടിക്കടവ്
4. അമ്പിലാടി
5. മൂന്നാംകടവ്
6. കൊല്ലരംകോട്
7. കുവാര.

(ഡി) കേന്ദ്രസർക്കാരിന്റെ ചെക്ക് ഡാം നിർമ്മാണ ഫണ്ട് മുഖേനയുള്ള നിർമ്മാണങ്ങൾക്ക് പരിഗണന ലഭിച്ചിട്ടില്ല.